8890
18/3/17

കേരള സർക്കാർ

**സംഗ്രഹം**

ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് – സംസ്ഥാനത്തിന്റെ പുതിയ വിവരസാങ്കേതികവിദ്യാ നയം - കരട് രൂപരേഖ 2017- പൊതുജനങ്ങളിൽ നിന്നും സ്റ്റേക്ക്ഹോൾഡേഴ്സിൽ നിന്നും അഭിപ്രായം സ്വരൂപിക്കുന്നതിനും, ഇവ പരിശോധിക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ചും ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും (ബി) വകുപ്പ്**

സ.ഉ.(സാധാ)നം. 73/2017/വി.സാ.വ, തീയതി, തിരുവനന്തപുരം, 16.03.2017

## ഉത്തരവ്

വിവരസാങ്കേതികവിദ്യാരംഗത്തെ മാറിവരുന്ന ആവശ്യകതകൾക്കനുസൃതമായി യുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സ്റ്റേക്ക്ഹോൾഡേഴ്സുമായി കൂടിയാലോചിച്ച് ഒരു സമഗ്ര ഐ.ടി. നയം കൊണ്ടുവരുമെന്ന് 2016-ലെ നയപ്രഖ്യാപന പ്രസംഗത്തിൽ ബഹുമാനപ്പെട്ട ഗവർണ്ണർ പ്രഖ്യാപിച്ചിരുന്നു. തുടർന്ന് സംസ്ഥാനത്തിന്റെ പുതിയ വിവരസാങ്കേതികവിദ്യാ നയത്തിന്റെ കരട് രൂപരേഖ-2017 ബഹുമാനപ്പെട്ട മുഖ്യമന്ത്രി പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ മേശപ്പുറത്ത് വയ്ക്കുകയുണ്ടായി.

സംസ്ഥാന സർക്കാരിന്റെ പുതിയ വിവരസാങ്കേതികവിദ്യാ നയത്തിന് അന്തിമ രൂപം നൽകുന്നതിലേക്കായി കരട് വിവരസാങ്കേതികവിദ്യാ നയരൂപരേഖയിന്മേൽ പൊതുജനങ്ങളിൽ/സ്റ്റേക്ക്ഹോൾഡേഴ്സിൽ നിന്ന് അഭിപ്രായം സ്വരൂപിക്കാനും പ്രസ്തുത നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ താഴെപ്പറയുന്ന സമിതി മുമ്പാകെ സമർപ്പിക്കുന്നതിനും കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

- ചീഫ് സെക്രട്ടറി - അദ്ധ്യക്ഷൻ
- അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് - അംഗം

- അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ് - അംഗം
- പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് - അംഗം
- സെക്രട്ടറി, ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് - കൺവീനർ

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**എം. ശിവശങ്കർ**
സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
അഡീഷണൽ ചീഫ് സെക്രട്ടറി, വ്യവസായ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്
മറ്റ് അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും
ഡയറക്ടർ, കേരള സ്റ്റേറ്റ് ഐ.ടി മിഷൻ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ടെക്നോപാർക്ക്, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ഇൻഫോപാർക്ക്,കൊച്ചി.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, സൈബർ പാർക്ക്, കോഴിക്കോട്.
ഡയറക്ടർ, അക്ഷയ, തിരുവനന്തപുരം.
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, കേരള സ്റ്റാർട്ടപ്പ് മിഷൻ, തിരുവനന്തപുരം.
ഡയറക്ടർ, ഐ.ഐ.ഐ.ടി.എം.കെ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ (എ&ഇ)) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് (ഇനം. നം. 0786 തീയതി 08.03.2017).
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
[signature]
സെക്ഷൻ ഓഫീസർ

പകർപ്പ്:-ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറി.
ഐ.ടി വകുപ്പ് സെക്രട്ടറിയുടെ പി.എ.
ഐ.ടി വകുപ്പിലെ എല്ലാ സെക്ഷനുകൾക്കും

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 08-03-2017.

ഫയൽ നം.ഐ.ടി.-ബി2/296/2016-ഐ.ടി.ഡി.　　　　ഇനം നം: 786

വിഷയം : ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും വകുപ്പ് - പുതിയ ഐ.ടി. നയത്തിന്റെ കരട് രൂപം അംഗീകരിക്കുന്നതും 14-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതും.

തീരുമാനം : കുറിപ്പിലെ നിർദ്ദേശങ്ങൾ അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി
(ശരിപ്പകർപ്പ്)

നളിനി നെറ്റോ
അഡീഷണൽ ചീഫ് സെക്രട്ടറി

സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ്.

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ഐ.ടി.-ബി2/296/2016-ഐ.ടി.ഡി. |
| 2 | വകുപ്പ് | : | ഇലക്ട്രോണിക്സും വിവര സാങ്കേതിക വിദ്യയും (ബി) വകുപ്പ് |
| 3 | വിഷയം | : | ഇ.വി.സാ.വ – പുതിയ ഐ.ടി നയത്തിന്റെ കരട് രൂപം അംഗീകരിക്കുന്നതും 14-ാം കേരള നിയമസഭയുടെ 4-ാം സമ്മേളനത്തിൽ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നതും - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 20.01.2017 |
| (i) | ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ ? | : | ഇല്ല |
| (ii) | സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രി സഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീ. ഭൂഷൺ വി. |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ശ്രീ. എം. ശിവശങ്കർ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി ഒഴിവ്. | : | 04.03.2017 |
| 10 | കുറിപ്പ് അംഗീകരിച്ച ^ ചീഫ് സെക്രട്ടറിയുടെ പേര് ഒഴിവ്. | : | ശ്രീമതി. നളിനി നെറ്റോ (CS i/c) |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ^ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 06.03.2017 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ. പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 06.03.2017 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 07.03.2017 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പരും തീയതിയും | : | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

ഐ.ടി. രംഗത്തെ മാറി വരുന്ന ആവശ്യകതകൾക്കനുസൃതമായി യുവാക്കളുടെ തൊഴിൽപരമായ കഴിവ് വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകിക്കൊണ്ട് സ്റ്റേക്ക് ഹോൾഡേഴ്സുമായി കൂടിയാലോചിച്ച് ഒരു സമഗ്ര ഐ.ടി. നയം കൊണ്ടുവരുമെന്ന് 24.06.2016-ന് കേരള നിയമസഭയെ അഭിസംബോധന ചെയ്തുകൊണ്ട് ബഹു. കേരള ഗവർണ്ണർ പ്രഖ്യാപിക്കുകയുണ്ടായി, അപ്രകാരം ഒരു സമഗ്ര ഐ.ടി. നയത്തിന്റെ കരട് തയ്യാറാക്കിയിട്ടുണ്ട്. ആയതിന്റെ ഇംഗ്ലീഷ്, മലയാളം പതിപ്പുകൾ യഥാക്രമം കൊടി 'എ','ബി' എന്നിവയിൽ കാണാവുന്നതാണ്.

കരട് നയത്തിന്റെ സൂക്ഷ്മ പരിശോധനയ്ക്കായി ചീഫ് സെക്രട്ടറി തലവനായും ധനകാര്യ, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായും ഐ.ടി സെക്രട്ടറി കൺവീനറായും ഒരു സമിതി രൂപീകരിക്കാവുന്നതും, കരട് നയം പ്രസിദ്ധീകരിച്ച് സ്റ്റേക്ക് ഹോൾഡേഴ്സിൽ നിന്നും പൊതുജനങ്ങളിൽ നിന്നും ഒരു മാസത്തിനകം അഭിപ്രായങ്ങൾ ലഭ്യമാക്കി ടി സമിതിയുടെ പരിശോധനയ്ക്ക് വിധേയമാക്കിയതിനു ശേഷം 2017 ഏപ്രിൽ മാസത്തോടു കൂടി ഐ.ടി. നയത്തിന് അന്തിമരൂപം നൽകാവുന്നതാണ്.

ഫയൽ ബഹു. മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്തപ്പോൾ ഈ വിഷയം മന്ത്രിസഭ മുമ്പാകെ സമർപ്പിക്കുവാൻ ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട സംഗതി

1) ഐ.ടി. നയം-2017-ന്റെ കരട് പതിനാലാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ മേശപ്പുറത്ത് വയ്ക്കാവുന്നതാണോ?

2) ഐ.ടി. നയത്തിന് അന്തിമ രൂപം നൽകുന്നതിനായി പൊതുജനങ്ങൾ/സ്റ്റേക്ക് ഹോൾഡേഴ്സ് എന്നിവരുമായി കരട് നയം ചർച്ച ചെയ്ത് അവരുടെ അഭിപ്രായങ്ങൾ സ്വീകരിച്ച് നിർദ്ദേശങ്ങൾ താഴെ പറയുന്ന കമ്മിറ്റി മുമ്പാകെ

കൊണ്ടുവരുന്നതിനായി കേരള സ്റ്റേറ്റ് ഐ.ടി മിഷൻ ഡയറക്ടറെ ചുമതലപ്പെടുത്താമോ?

3) 2017-ലെ കരട് ഐ.ടി. നയത്തിന്റെ മേൽ വരുന്ന അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിശോധനയ്ക്കായി ചീഫ് സെക്രട്ടറി തലവനായും ധനകാര്യ, വ്യവസായ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിമാർ, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർ അംഗങ്ങളായും ഐ.ടി സെക്രട്ടറി കൺവീനറായും ഒരു സമിതി രൂപീകരിക്കാമോ?

GOVERNMENT OF KERALA

(SHRI. PINARAYI VIJAYAN MINISTRY)

NOTE FOR COUNCIL OF MINISTERS

| | | | |
|---|---|---|---|
| 1 | File Number | : | IT-B2/296/2016-ITD |
| 2 | Department | : | Electronics & Information Technology (B) Department |
| 3 | Subject | : | E&IT Department – Approving the new draft IT Policy and placing on the table of 4th session of 14th Kerala Legislative Assembly -reg. |
| 4 | Date of Chief Minister's order for placing before the Council | : | 20.01.2017 |
| 5(i) | Does the case involve financial commitments/implications | : | No |
| (ii) | If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | : | No |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council? | : | No |
| 7. | Name of Additional Secretary who submitted the Draft Note | : | Sri. Bhooshan V. |
| 8. | Name of Secretary who approved the Draft Note | : | Sri. M. Sivasankar |
| 9. | Date of Approval of the Draft Note for the Council by the Secretary. | : | 04.03.2017 |
| 10. | Name of Addl. Chief Secretary who approved the Draft Note. | : | Smt. Nalini Netto (ACS in-Charge) |
| 11. | Date of approval of the Draft Note for the Council by the Addl. Chief Secretary | : | 06.03.2017 |
| 12. | Name of Minister who approved the Draft Note. | : | Sri. Pinarayi Vijayan |
| 13. | Date of approval of the Draft Note for the Council by the Minister. | : | 06.03.2017 |
| 14 | Date of submission of fair copies | : | 07.03.2017 |
| 15 | Date of decision by the Council of Ministers | : | |
| 16. | Number and Date of the G.O./letter communicating the decision. | : | |

# NOTE FOR THE COUNCIL OF MINISTERS

Hon'ble Governor, during his address to the Legislative Assembly on 24.06.2016 has pronounced that a comprehensive IT policy, which emphasis to increase the employability of youth in tune with the changing demands of the IT industry, will be brought out in consultation with all stakeholders. Accordingly, a comprehensive draft IT policy is prepared which may be seen at Flag (A)- in English and Flag (B) – in Malayalam.

A committee may be formed headed by the Chief Secretary with ACS (Finance), ACS (Industries) and Principal Secretary (LSGD) as members and Secretary (E&IT) as Convenor to vet and form up the draft policy, after obtaining comments of the stakeholders/general public by publishing it and finalise the policy by the month of April 2017.

When file circulated, the Hon'ble Chief Minister has ordered to place the matter before the Council of Ministers.

## Point for decision

1) Whether the draft IT Policy 2017 may be laid on the table of 4th session of 14th Kerala Legislative Assembly ?

2) Whether the Director, Kerala State IT Mission may be entrusted to discuss the draft IT Policy 2017 with the stakeholders/general public to get the opinion from them and to submit his recommendations before the committee, as mentioned below, for finalizing the same?

3) Whether a committee headed by the Chief Secretary with ACS (Finance), ACS (Industries) and Principal Secretary (LSGD) as members and Secretary (E&IT) as convenor may be constituted to go through the comments and suggestion and finalize the draft IT Policy of 2017 ?